**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3628** **08-10-2025 - ൽ മറുപടിയ്ക്ക്**

**കുളത്തുപ്പുഴയിൽ സബ് രജിസ്ട്രാർ ഓഫീസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | 2016-2017, 2017-18 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി പുനലൂർ മണ്ഡലത്തിലെ കുളത്തുപ്പുഴയിൽ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 2016-2017 സാമ്പത്തിക വർഷത്തിൽ 3,05,000/- രൂപ (മൂന്നു ലക്ഷത്തി അയ്യായിരം രൂപ മാത്രം) വകയിരുത്തിയിരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 4,17,000/- രൂപയും (നാല് ലക്ഷത്തി പതിനേഴായിരം രൂപ മാത്രം) ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ബഡ്ജറ്റ് വിശദാംശം ലഭ്യമാക്കാമോ; പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ? | (ബി) | 26 ലക്ഷം രൂപ എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുള്ള കുളത്തുപ്പുഴ സബ് രജിസ്ട്രാറാഫീസിന്റെ കെട്ടിട നിർമ്മാണത്തിനായി 2016-2017 സാമ്പത്തിക വർഷത്തിൽ 3,05,000/- രൂപ വകയിരുത്തിയിരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 4,17,000/- രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭ്യമായിട്ടില്ല. കെട്ടിട നിർമ്മാണത്തിനായി ഭൂമിയും ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ